പിന്നോക്കക്ഷേമ വകുപ്പുമന്ത്രി

കൃഷി വകുപ്പുമന്ത്രി

ഭക്ഷ്യ- വിനോദസഞ്ചാര - നിയമവകുപ്പുമന്ത്രി

(സി) വിശദവിവരം ചുവടെ ചേർക്കുന്നു.

എണ്ണം	ഇനം	നിരക്ക് ലക്ഷം രൂപ	ആകെ ലക്ഷം രൂപ
1.	ഓപ്പൽ അസ്ട്രാ	8.50	8.50
3.	മിത് സുബിഷി	8.56	25.68
2.	സീലോ	6.50	13.00
3.	അംബാസഡർ (പെട്രോൾ)	4.00	12.00
7.	അംബാസഡർ (ഡീസൽ)	4.60	32.20

123 (1726) വിനോദസഞ്ചാരവകുപ്പിന്റെ വരവുചെലവുകൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര പ്രവർത്തനങ്ങളിൽ വരുമാനത്തേക്കാളധികം ചെലവു വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചൈത്രം പോലുള്ള ഹോട്ടലുകളിലെ ഭക്ഷ്യോൽസവങ്ങൾ വരുമാനത്തേക്കാളധികം ചെലവു വരുത്തുന്നുണ്ടോ;

(സി) വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള ഹോട്ടലുകളിൽ ഓഡിറ്റിംഗ് നടത്തുന്നതാരാണ്.

(ഡി) ഏതെങ്കിലും തലത്തിൽ അഴിമതി നടക്കുന്നതായി ഓഡിറ്റ് റിപ്പോർട്ടിലൂടെ വെളിവായിട്ടുണ്ടോ;

(ഇ) എങ്കിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുഎന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ വിനോദ സഞ്ചാരമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനം കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ആണ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ വരുമാനത്തേക്കാളധികം ചെലവ് ഇപ്പോൾ ഇല്ല.

(ബി) ഇല്ല.

(സി) വിനോദസഞ്ചാരവകുപ്പിന്റെ കീഴിൽ ഹോട്ടലുകളൊന്നുമില്ല. കെ.ടി.ഡി.സിയുടെ ഹോട്ടലുകളിൽ ഓഡിറ്റിംഗ് നടത്തുന്ന ഏജൻസികൾ താഴെ പറയുന്നവയാണ്.

1. കേന്ദ്രസർക്കാർ നിയമിക്കുന്ന സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർമാർ.

LIBRARY ARCHIVES Kerala Legislative Assembly

2. അക്കൗണ്ടന്റ് ജനറൽ

3. കെ.ടി.ഡി.സി നിയമിച്ചിട്ടുള്ള ഇന്റേണൽ ഓഡിറ്റർമാർ.

(ഡി)&(ഇ) ചില യൂണിറ്റുകളിൽ ചില ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവരുന്നു. അന്വേഷണത്തിനുശേഷം തക്കതായ നടപടി കൈക്കൊള്ളുന്നതാണ്.

124 (1727) വാഴാനി ഡാം പ്രദേശത്ത് ടൂറിസം പ്രവർത്തനം

ശ്രീ. വി. ബാലാറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിലെ വാഴാനി ഡാം പ്രദേശത്തെ ടൂറിസ്റ്റ് പൊട്ടൻഷ്യലിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഡാമിന്റെ വിശാലമായ തടാകവും ചുറ്റുമുള്ള പ്രകൃതിസൃഷ്ടമായ പച്ചിലക്കാടുകളും ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക രീതിയിൽ പര്യാപ്തമാക്കുവാൻ വേണ്ട നടപടിയെടുക്കുമോ;

(സി) ഡാം സൈറ്റിനു സമീപം നിലവിലുള്ള പൂന്തോട്ടത്തിൽ ദീപാലങ്കാരം നടത്തി കൂടുതൽ മനോഹരമാക്കുമോ;

(ഡി) പ്രസ്തുത ഡാമിൽ ബോട്ടിംഗിനുള്ള സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി)-(ഡി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ഇക്കാര്യത്തിൽ അനുയോജ്യമായ ശുപാർശ സമർപ്പിക്കുന്നതായാൽ ധനസഹായം നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

125 (1728) ഇടുക്കി ജില്ലയിൽ ടൂറിസം വികസനത്തിന് സഹായം

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ടൂറിസം വികസനത്തിനുവേണ്ടി ഏതെങ്കിലും പ്രോജക്ടുകൾക്കോ, വ്യക്തികൾക്കോ എന്തെങ്കിലും സഹായം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രോജക്ടുകൾക്ക് സാമ്പത്തികസഹായം നൽകിയിട്ടുണ്ട്. വ്യക്തികൾക്ക് സാമ്പത്തികസഹായം നൽകാറില്ല.

(ബി) വിശദവിവരങ്ങൾ താഴെക്കൊടുക്കുന്നു.

വർഷം	പ്രോജക്ടിന്റെപേര്	സാമ്പത്തികസഹായം നൽകിയത്

LIBRARY ARCHIVES Kerala Legislative Assembly